മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 നവംബർ 30

# വാർത്താക്കുറിപ്പ്

---

## ഗവേഷണ പ്രബന്ധം; പ്രഫ. സാബു തോമസ് അവാർഡിന് അപേക്ഷ ക്ഷണിച്ചു

മികച്ച പി.എച്ച്.ഡി, പി.ജി പ്രബന്ധങ്ങൾക്കുള്ള പ്രഫ. സാബു തോമസ് അവാർഡിന് അപേക്ഷ ക്ഷണിച്ചു. മഹാത്മാ ഗാന്ധി സർവകലാശാലാ വൈസ് ചാൻസലർ പ്രഫ. സാബു തോമസിനു കീഴിൽ ഗവേഷണം നടത്തിയിട്ടുള്ള പൂർവ്വ വിദ്യാർഥികളുടെ കൂട്ടായ്മ ഏർപ്പെടുത്തിയ അവാർഡ് നാനോ സയൻസ് ആൻറ് ടെക്നോളജി, പോളിമെർ സയൻസ് ആൻറ് ടെക്നോളജി മേഖലകളിൽ ഗവേഷണ മികവ് പുലർത്തുന്നവർക്കാണ് കഴിഞ്ഞ അഞ്ചു വർഷമായി നൽകിവരുന്നത്.

മികച്ച ഡോക്ടറൽ പ്രബന്ധം, മികച്ച പി.ജി(എം.ടെക് അല്ലെങ്കിൽ എം.എസ്.സി.) പ്രബന്ധം എന്നിങ്ങനെ രണ്ടു വിഭാഗങ്ങളിലാണ് പുരസ്കാരം. പ്രബന്ധങ്ങളുടെ സാങ്കേതിക നിലവാരവും സാമൂഹിക-സാമ്പത്തിക പ്രസക്തിയും വിദഗ്ധ സമിതി വിലയിരുത്തി ചുരുക്കപ്പട്ടിക തയ്യാറാക്കും. അന്തിമ ഘട്ടത്തിൽ എത്തുന്നവർ സമിതി മുൻപാകെ 10 മിനിറ്റ് അവതരണം നടത്തണം.

പ്രബന്ധങ്ങൾ 2021 ഏപ്രിലിനും 2022 മാർച്ചിനുമിടയിൽ അംഗീകാരം ലഭിച്ചവയായിരിക്കണം. രാജ്യത്തെ അംഗീകൃത സർവകലാശാലകളിലെ വിദ്യാർഥികളെയാണ് പരിഗണിക്കുന്നത്. അപേക്ഷകൾ അനുബന്ധ രേഖകൾ സഹിതം ഡിസംബർ അഞ്ചുവരെ ഓൺലൈനിൽ സമർപ്പിക്കാം. ഫോൺ: 9446235195, 9446288448 ഇ മെയിൽ: profsabuthomasalumni@gmail.com. വെബ്സൈറ്റ്: www.sabuthomas.com. രജിസ്ട്രേഷൻ ലിങ്ക്: https://forms.gle/MKkNdKtya48EDkro7

(പി.ആർ.ഒ./39/1677/2022)

## ടി.സി.ഐ പരിശീലനം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസബിലിറ്റി സ്റ്റഡീസും(ഐ.യു.സി.ഡി.എസ്.) ബട്ടർഫ്‌ളൈ ഫൗണ്ടേഷൻ ഫോർ ടി.സി.ഐ ഇന്ത്യയും സംയുക്തമായി മാനവശേഷി പരിശീലകർക്കായി പരിശീലന പരിപാടി ആരംഭിക്കുന്നു.

അപ്ലൈഡ് ഹ്യൂമനിസ്റ്റിക് സൈക്കോളജി എന്നറിയപ്പെടുന്ന തീം സെന്റേഡ് ഇന്ററാക്ഷനിൽ (റ്റി.സി.ഐ.) അധിഷ്ഠിതമായ കോഴ്സ് രാജ്യത്ത് ആദ്യമായാണ് ഒരു സർവകലാശാലയിൽ ആരംഭിക്കുന്നത്.

ആറു മാസത്തിനുള്ളിൽ 12 വാരാന്ത്യങ്ങളിലായി റസിഡൻഷ്യൽ മാതൃകയിൽ നടത്തുന്ന പരിശീലനത്തിന്റെ ഓരോ ബാച്ചിലും 20 പേർക്കാണ് പ്രവേശനം

സ്കൂൾ, കോളേജ്, യൂണിവേഴ്സിറ്റി തലങ്ങളിലെ അധ്യാപകർ, കൗൺസലർമാർ, എച്ച്.ആർ. പരിശീലകർ തുടങ്ങിയവർക്ക് അപേക്ഷിക്കാം. iucdsmgu@mgu.ac.in എന്ന ഇമെയിൽ വിലാസത്തിൽ രജിസ്റ്റർ ചെയ്യാം. ഫോൺ -0481 2731580, 9447180439

(പി.ആർ.ഒ./39/1678/2022)

## പി.എച്ച്.ഡി കോഴ്സ് വർക്ക് പരീക്ഷ

സ്കൂൾ ഓഫ് ഇൻറർനാഷണൽ റിലേഷൻസ് ആൻറ് പൊളിറ്റിക്സിൻറെ പി.എച്ച്.ഡി കോഴ്സ് വർക്ക് പരീക്ഷ (2021 അഡ്മിഷൻ) ഡിസംബർ 13ന് ആരംഭിക്കും. പിഴയില്ലാതെ ഡിസംബർ എട്ടു വരെയും പിഴയോടുകൂടി ഡിസംബർ ഒൻപതിനും സൂപ്പർ ഫൈനോടുകൂടി ഡിസംബർ 12നും അപേക്ഷ സ്വീകരിക്കും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1679/2022)

## മെഡിക്കൽ ഓഫീസർ; കരാർ നിയമനം

മഹാത്മാ ഗാന്ധി സർവകലാശാല ഹെൽത്ത് സെന്ററിൽ മെഡിക്കൽ ഓഫീസർ തസ്തികയിൽ ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ താത്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. പ്രതിമാസ വേതനം 50,000 രൂപ.

എം.ബി.ബി.എസ് യോഗ്യതയും, കേരള മെഡിക്കൽ കൗൺസിലിന്റെ അംഗീകാരവുമുള്ള ഡോക്ടർമാർക്ക് അപേക്ഷിക്കാം.

ബയോഡേറ്റയും യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം ഡിസംബർ 15 നകം soada3@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിൽ അപേക്ഷ നൽകണം. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ (www.mgu.ac.in).

(പി.ആർ.ഒ./39/1680/2022)

## ടെക്നിക്കൽ അസിസ്റ്റൻറ്; കരാർ നിയമനം

മഹാത്മാഗാന്ധി സർവ്വകലാശാല ഇൻറർ സ്കൂൾ സെൻററായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാൻറ് സയൻസ് ടെക്നോളജിയിൽ(എൻ.ഐ.പി.എസ്.ടി.) ടെക്നിക്കൽ അസിസ്റ്റൻറ് തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

ഓപ്പൺ കോംപറ്റീഷനിലെ ഒരൊഴിവിലേക്ക് ഒരു വർഷത്തേക്കാണ് നിയമനം. പ്രതിമാസ സഞ്ചിത വേതനം 20000 രൂപ.

ബോട്ടണിയിലോ പ്ലാൻറ് സയൻസിലോ എം.എസ്സിയും രണ്ടു വർഷത്തെ ലാബോറട്ടറി ആൻറ് ഹെർബേറിയം പ്രവൃത്തിപരിചയവുമാണ് യോഗ്യത. 2022 ജനുവരി ഒന്നിന് 40 വയസ് കവിയരുത്. ada1@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിലേക്ക് വിജ്ഞാപന തീയതി മുതൽ 15 ദിവസത്തിനകം അപേക്ഷ സമർപ്പിക്കാം. വിശദ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ (www.mgu.ac.in).

(പി.ആർ.ഒ./39/1681/2022)

## ഫാക്കൽറ്റി ഡവലപ്മെൻ്റ് പ്രോഗ്രാം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ പഠന വകുപ്പുകളിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും അധ്യാപകർക്കായി നവംബർ 14 മുതൽ സംഘടിപ്പിക്കാൻ നിശ്ചയിച്ചിരുന്ന ഫാക്കൽറ്റി ഡവലപ്മെൻ്റ് പ്രോഗ്രാം ഡിസംബർ 12 മുതൽ 17 വരെ നടക്കും.

പങ്കെടുക്കാൻ താത്പര്യമുള്ള അധ്യാപകർക്ക് ഡിസംബർ 11 വരെ അപേക്ഷ നൽകാം. നേരത്തെ അപേക്ഷ സമർപ്പിച്ചവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ ലഭിക്കും. ഫോൺ: 0481 2731013, 8921209794. ഇ-മെയിൽ:dcdc@mgu.ac.in.

(പി.ആർ.ഒ./39/1682/2022)

## സോഫ്റ്റ്‌വെയർ ഡെവലപ്പർ; കരാർ നിയമനം

മഹാത്മാ ഗാന്ധി സർവകലാശാലയിൽ താത്കാലിക കരാർ അടിസ്ഥാനത്തിൽ സോഫ്റ്റ്‌വെയർ ഡെവലപ്പർ തസ്തികളിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ (www.mgu.ac.in). ഫോൺ: 0481 2733303

(പി.ആർ.ഒ./39/1683/2022)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

ഡിസംബർ 16ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എം.എസ്.സി. ബയോമെഡിക്കൽ ഇൻസ്ട്രുമെൻറേഷൻ (2021 അഡ്മിഷൻ റഗുലർ, 2018 മുതൽ 2020 വരെ അഡ്മിഷനുകൾ സപ്ലിമെൻററി, 2017 അഡ്മിഷൻ ഒന്നാം മെഴ്സി ചാൻസ്, 2016 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) പരീക്ഷകൾക്ക് അപേക്ഷ നൽകാം. പിഴയില്ലാതെ ഡിസംബർ അഞ്ചു വരെയും പിഴയോടു കൂടി ഡിസംബർ ആറിനും സൂപ്പർ ഫൈനോടു കൂടി ഡിസംബർ ഏഴിനും അപേക്ഷ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1684/2022)

## പരീക്ഷ മാറ്റി

ഡിസംബർ ആറ്, എട്ട് തീയതികളിൽ നടത്താനിരുന്ന അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്. (2020 അഡ്മിഷൻ റഗുലർ, 2019,2018,2017 അഡ്മിഷനുകൾ റീ-അപ്പിയറൻസ്), സൈബർ

ഫോറൻസിക് (2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ റീ-അപ്പിയറൻസ് - നവംബർ 2022), പ്രൈവറ്റ് രജിസ്ട്രേഷൻ ബി.എ., ബി.കോം. (2020 അഡ്മിഷൻ റഗുലർ, 2019,2018,2017 അഡ്മിഷനുകൾ റീ-അപ്പിയറൻസ് ഡിസംബർ 2022) പരീക്ഷകൾ യഥാക്രമം ഡിസംബർ 21, ജനുവരി അഞ്ച് തീയതികളിലേക്ക് മാറ്റി. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1685/2022)

## പരീക്ഷാ തീയതി

അഞ്ചാം സെമസ്റ്റർ ബി.വോക്. (2018,2019 അഡ്മിഷൻ സപ്ലിമെൻററി - പുതിയ സ്കീം) പരീക്ഷകൾ ഡിസംബർ അഞ്ചിന് ആരംഭിക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

........................................

ഒന്നു മുതൽ നാലു വരെ വർഷ ബി.എസ്.സി. എം.എൽ.ടി (2014 അഡ്മിഷൻ മുതൽ സപ്ലിമെൻററി, 2008 മുതൽ 2013 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്) ബിരുദ പരീക്ഷകൾ ഡിസംബർ 12ന് ആരംഭിക്കും

........................................

രണ്ടാം സെമസ്റ്റർ എം.സി.എ. (2019,2018,2017 അഡ്മിഷനുകൾ സപ്ലിമെൻററി, 2016 അഡ്മിഷൻ സപ്ലിമെൻററി-അഫിലിയേറ്റഡ് കോളേജുകൾ മാത്രം, 2015,2014 അഡ്മിഷനുകൾ ഒന്നാം മെഴ്സി ചാൻസ് - അഫിലിയേറ്റഡ് കോളേജുകൾ, സീപാസ്, 2011 മുതൽ 2013 വരെ അഡ്മിഷനുകൾ രണ്ടാം മെഴ്സി ചാൻസ്, ലാറ്ററൽ എൻട്രി - 2015, 2016 അഡ്മിഷനുകൾ ഒന്നാം മെഴ്സി ചാൻസ്, 2014 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) പരീക്ഷകൾ ഡിസംബർ 12 ന് ആരംഭിക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1686/2022)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ എം.എസ്.സി. ഇലക്ട്രോണിക്സ് (സി.എസ്.എസ്. - 2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020,2019 അഡ്മിഷൻ സപ്ലിമെൻററി - ഒക്ടോബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഡിസംബർ 14 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടത്തും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1687/2022)

## ലാബ് പരീക്ഷ

രണ്ടാം സെമസ്റ്റർ എം.സി.എ. (റഗുലർ, സപ്ലിമെൻററി - നവംബർ 2022) പരീക്ഷയുടെ ലാബ് പരീക്ഷകൾ ഡിസംബർ അഞ്ചു മുതൽ അതത് കോളേജുകളിൽ നടത്തും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1688/2022)

## പരീക്ഷാഫലം

കഴിഞ്ഞ വർഷം (2021) ഒക്ടോബറിൽ നടത്തിയ ഒന്ന്, രണ്ട് സെമസ്റ്റർ എം.കോം. പ്രൈവറ്റ് രജിസ്ട്രേഷൻ (2015 മുതൽ 2018 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി - മാർച്ച് 2021) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഡിസംബർ 13 വരെ ഓൺലൈനിൽ അപേക്ഷ നൽകാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

………………………………..

അഞ്ചാം സെമസ്റ്റർ പഞ്ചവത്സര ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ് - സപ്ലിമെൻററി, ഒന്നാം മേഴ്സി ചാൻസ് - ഓഗസ്റ്റ് 2022) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് സഹിതം ഡിസംബർ 14 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ സ്വീകരിക്കും.

(പി.ആർ.ഒ./39/1689/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**